# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യൂ., തീയതി 30.06.2026

**പ്രസിദ്ധീകരണത്തിന്**

**പ്രായോഗിക പരീക്ഷകൾ/ പ്രൊജക്റ്റ് മൂല്യനിർണ്ണയം/ വൈവ- വോസി**

അഫീലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ ബിരുദാനന്തരബിരുദ ഡിഗ്രി (റെഗുലർ/സപ്ലിമെൻററി) ഏപ്രിൽ 2026, വിവിധ വിഷയങ്ങളുടെ പ്രായോഗിക പരീക്ഷകൾ/ പ്രൊജക്റ്റ് മൂല്യനിർണ്ണയം/ വൈവ- വോസി എന്നിവ താഴെ പറയുന്ന തീയതികളിൽ അതത് കോളേജുകളിൽ വെച്ച്

നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്.

1. എം.എസ്.സി ഇലക്ട്രോണിക്സ് - 2026 ജൂലായ് 8, 9

2. എം.എസ്.സി ഫോറസ്ട്രി - 2026 ജൂലായ് 6

**ഹാൾ ടിക്കറ്റ്**

കണ്ണൂർ സർവകലാശാലയുടെ യഥാക്രമം 27.07.2026, 28.07.2026 തിയ്യതികളിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി ടെക് ഡിഗ്രി സപ്ലിമെന്ററി (മേഴ്‌സി ചാൻസ് -2000 അഡ്മിഷൻ മുതൽ - പാർട്ട് ടൈം ഉൾപ്പെടെ ) മെയ് 2025, അഞ്ചാം സെമസ്റ്റർ ബി ടെക് ഡിഗ്രി (വൺ ടൈം മേഴ്‌സി ചാൻസ് -2000 അഡ്മിഷൻ മുതൽ - പാർട്ട് ടൈം ഉൾപ്പെടെ ) നവംബർ 2024 പരീക്ഷകൾക്കായി , 2007-2014 അഡ്മിഷൻ വിദ്യാർത്ഥികളുടെ ഹാൾ ടിക്കറ്റുകൾ 20.07.2026 തിയ്യതി മുതൽ സർവകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ് . 2000-2006 അഡ്മിഷൻ വിദ്യാർത്ഥികളുടെ ഹാൾ ടിക്കറ്റുകൾ 20.07.2026 മുതൽ സർവ്വകലാശാലയിൽ നിന്നും നേരിട്ട് കൈപ്പറ്റേണ്ടതാണ് . നാലാം സെമെസ്റ്ററിലെ PT 2K6/2K6 ME 406 MACHINE DRAWING എന്ന പേപ്പറിന്റെ പരീക്ഷ ടൈം ടേബിളിൽ സൂചിപ്പിച്ച തിയ്യതിയിൽ കണ്ണൂർ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നടത്തപ്പെടുന്നതാണ് .

2026 ജൂലൈ 2 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെയും ഐ ടി എജ്യൂക്കേഷൻ സെന്ററിലെയും രണ്ടാം സെമസ്റ്റർ എം സി എ (റഗുലർ/ സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് ) മെയ് 2026 പരീക്ഷയുടെ ഹാൾ ടിക്കറ്റ് സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്

**പരീക്ഷാ ഫലം**

ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ് ഏപ്രിൽ 2026 (റെഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ്) പരീക്ഷാ ഫലം സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയം/സൂക്ഷ്മ പരിശോധന/പകർപ്പ് ലഭ്യമാക്കൽ എന്നിവക്കുള്ള അപേക്ഷകൾ 13.07.2026, 5PM വരെ ഓൺലൈൻ ആയി സ്വീകരിക്കുന്നതാണ്.

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ ബിരുദം (സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ് - 2020 മുതൽ 2023 വരെ അഡ്മിഷൻ ) , ഏപ്രിൽ 2026 പരീക്ഷകളുടെ ഫലം സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്. പുനഃപരിശോധന, സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്കുള്ള ഓൺലൈൻ അപേക്ഷകൾ 13-07-2026 വൈകുന്നേരം 5 മണി വരെ സ്വീകരിക്കുന്നതാണ്.

ഒപ്പ്/-

അസിസ്റ്റന്റ് രജിസ്ട്രാർ I

(പരീക്ഷാ വിഭാഗം)